**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2233** **05.12.2018-ൽ മറുപടിക്ക്**

## നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പോലീസ് സർജൻ

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. കെ. ആൻസലൻ** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത- ശിശു വികസനവും വകുപ്പ് മന്ത്രി) |
| (എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രി കളിലേയ്ക്ക് പോലീസ് സർജന്റെ അഭാവം കൊണ്ട് മിക്ക പോസ്റ്റ്മാർട്ടങ്ങളും മറ്റ് ആശുപത്രി കളിൽ റഫർ ചെയ്യുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പോലീസ് സർജനെ നിയമിക്കാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് 17/07/2018-ൽ ഡി.എച്ച്.എസ്-ന് നം.എഫ്.3489/2018 പ്രകാരം ആശുപത്രി സൂപ്രണ്ട് എം.എൽ.എ ടെ ഉപരികത്തോടെ നൽകിയ നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;<br><br>(സി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പോലീസ് ഫോറൻസിക് സർജനെ നിയമിക്കുന്നതിന് നടപടി 2019- മാർച്ചിന് മുമ്പ് സ്വീകരിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ? | (ബി) യും (സി) യും | ജില്ലയിൽ ഒരു ജനറൽ/ജില്ലാ ആശുപത്രിയിലാണ് പോലീസ് സർജന്റെ തസ്തിക സൃഷ്ടിക്കാൻ ആർദ്രം പദ്ധതി പ്രകാരം തീരുമാനിച്ചിരിക്കുന്നത്. ടി പോസ്റ്റ് തിരുവനന്തപുരം ജില്ലയിൽ ജനറൽ ആശുപത്രി തിരുവനന്തപുരത്തിന് സൃഷ്ടിക്കുകയുണ്ടായി.<br><br>എഫ് 3489/2018 എന്ന കത്ത് പ്രകാരം പോലീസ് സർജനെ നിയമിക്കണമെന്ന കത്തിന്റെ അടിസ്ഥാനത്തിൽ വിശദമായ പ്രൊപ്പോസൽ ജില്ലാ മെഡിക്കൽ ആഫീസർ മുഖേന ലഭ്യമാക്കാൻ ആശുപത്രി സൂപ്രണ്ടിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പോലീസ് സർജന്റെ തസ്തിക സൃഷ്ടിക്കുന്ന തിനുളള ശുപാർശ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ